


# ഇരുളിൽ നിന്ന് നേർക്കാഴ്ചയാകുന്ന പ്രകാശത്തിലേയ്ക്ക്

(നിയമാ. 6:20 – 25; 2 തെസ. 1:3 – 10; ലൂക്കാ 18:35 – 43)

ബ്ര. ജിബിൻ പാമ്പാടിയിൽ MCBS

Vol. 11, Issue: 15

**മി**ശിഹായുടെ പുനരാഗമനത്തെയും അന്ത്യവിധിയെയും ധ്യാനവിഷയമാക്കുന്ന ആരാധനാക്രമവത്സരത്തിലെ ഏലിയാ-ശ്ലീവാ-മൂശാക്കാലത്തിലേയ്ക്ക് നാം ഇന്ന് പ്രവേശിക്കുകയാണ്. യുഗാന്ത്യത്തെയും അന്ത്യവിധിയെയും ധ്യാനവിഷയമാക്കുമ്പോൾ പ്രായശ്ചിത്തപ്രവർത്തികളിലൂടെ അന്ത്യവിധിയ്ക്കായി ഒരുങ്ങാൻ ഏലിയാക്കാലം വിശ്വാസികളായ നമ്മെ ഓരോരുത്തരെയും ഓർമ്മപ്പെടുത്തുന്നുണ്ട്.

വാഗ്ദാനം ചെയ്യപ്പെട്ട ദാവീദിന്റെ പുത്രൻ മിശിഹായാണെന്നും അവൻ വഴിയായി സൗഖ്യവും രക്ഷയും നമുക്ക് ലഭിക്കുന്നുവെന്നുമുള്ള ചിന്തകളാണ് അന്ധന് കാഴ്ച നൽകുന്ന ഇന്നത്തെ തിരുവചനത്തിന്റെ കാതൽ. വരാനിരിക്കുന്ന മിശിഹായുടെ അടയാളങ്ങളിലൊന്നായിരുന്നു അന്ധർക്ക് കാഴ്ച നൽകുക എന്നുള്ളത്. ഏശയ്യാ 61:1,2 വാക്യങ്ങൾ ഇപ്രകാരം പയുന്നു: "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന്റെ സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു."

ഇന്നത്തെ ഒന്നാം വായനയിൽ, നിയമാ. 6:20 മുതലുള്ള വാക്യങ്ങളിൽ ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് വിമോചനമരുളി ഇസ്രായേലിനെ സംരക്ഷിച്ച് വാഗ്ദത്തനാട്ടിലേയ്ക്ക് നയിച്ചത് വിമോചകനായ കർത്താവാണെന്ന്, മോശ ഇസ്രായേൽ ജനത്തെ ഓർമ്മിപ്പിക്കുന്ന വചനഭാഗമാണ് നാം വായിച്ചുകേട്ടത്. രണ്ടാം വായനയിൽ, ജറുസലേമിനെ രക്ഷിക്കുകയും മോചിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കർത്താവിനെ, ഏശയ്യാ പ്രവാചകൻ ജനത്തെ അനുസ്മരിപ്പിക്കുന്നു. പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ട നാൾ മുതൽ മനുഷ്യൻ ഇരുളിലാണ്; അന്ധകാരത്തിന്റെ നിഴൽ വീണ ജീവിതവഴികളിലാണ്. മാനവരാശിയുടെ വിമോചനം പൂർണ്ണമാവുക, മിശിഹായുടെ വരവോടുകൂടിയാണ്. അപ്പോഴാണ് അടയ്ക്കപ്പെട്ട പറുദീസ മാനവകുലത്തിനായി തുറക്കപ്പെടുക. ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയേണമേ എന്ന അന്ധയാചകന്റെ നിലവിളിയിൽ, വരാനിരിക്കുന്ന മിശിഹാ ക്രിസ്തു തന്നെയാണെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നു.

ഇന്നത്തെ തിരുവചനഭാഗം പ്രധാനമായും രണ്ട് പ്രധാന ചിന്തകളാണ് നമ്മുടെ മുമ്പിൽ വയ്ക്കുക. ഒന്നാമതായി, പറുദീസായിൽ നേർക്കാഴ്ച നഷ്ടപ്പെട്ട മനുഷ്യന് നേർക്കാഴ്ച നൽകുന്നത് മിശി

ഹായാണെന്ന് അന്ധയാചകന് കാഴ്ച നൽകുന്നതിലൂടെ വചനം സാക്ഷ്യപ്പെടുത്തുന്നു. പാപം മൂലം നേർക്കാഴ്ച നഷ്ടപ്പെട്ട് ഇരുളായിത്തീർന്ന ജീവിതമേഖലകളെ നേർക്കാഴ്ച നൽകി പ്രകാശമാക്കാൻ ക്രിസ്തുവിനു സാധിക്കും. യോഹ. 8:12 ''ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.'' അപ്പോൾ ആരാണ് അന്ധകാരത്തിൽ വസിക്കുന്നത്? യോഹ. 3:19-20 വാക്യങ്ങൾ കുറിക്കുന്നു: ''പ്രകാശം ലോകത്തിലേയ്ക്കു വന്നു; അവർ അവനെ സ്വീകരിച്ചില്ല.'' പ്രകാശമായ ക്രിസ്തുവിനെ സ്വീകരിക്കാത്തവരെല്ലാം അന്ധകാരത്തിലാണ്.

ഒരു കഥ ഇപ്രകാരമാണ്. ഗുരു തന്റെ ശിഷ്യരോട് ഒരു ചോദ്യം ചോദിച്ചു: ''ഇരുൾ മാറി പ്രകാശമായി എന്ന് നാം തിരിച്ചറിയുന്നതെപ്പോൾ?'' ഒന്നാമത്തെ ശിഷ്യൻ അകലെ നിന്നിരുന്ന ആൽമരം ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: ''ആ മരം എനിക്ക് കാണാൻ സാധിക്കുമ്പോഴാണ് ഇരുൾ മാറി പ്രകാശമായി എന്ന് തിരിച്ചറിയാൻ സാധിക്കുക.'' രണ്ടാമത്തെ ശിഷ്യൻ കുതിരയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു: ''ആ കുതിരയെ എനിക്ക് കാണാൻ സാധിക്കുമ്പോഴാണ് ഇരുൾ മാറി പ്രകാശമായി എന്ന് തിരിച്ചറിയാൻ സാധിക്കുക.'' ഗുരു ഈ ഉത്തരത്തിലൊന്നും തൃപ്തനായില്ല. മൂന്നാമത്തെ ശിഷ്യൻ പറഞ്ഞു: ''അടുത്തു നിൽക്കുന്ന വ്യക്തിയെ സഹോദരനായി തിരിച്ചറിയാൻ സാധിക്കുമ്പോഴാണ് ഇരുൾ മാറി പ്രകാശമായി എന്ന് തിരിച്ചറിയാൻ സാധിക്കുക.'' ഗുരു ശിഷ്യനിൽ തൃപ്തനായി.

പ്രിയമുള്ളവരേ, സഹോദരങ്ങളെ സഹോദരങ്ങളായി കാണാൻ സാധിക്കാതെ വരുമ്പോൾ, സഹായം അർഹിക്കുന്നവർക്കെതിരെ കണ്ണടയ്ക്കുമ്പോൾ, വീണുകിടക്കുന്നവനെതിരെ മുഖം തിരിഞ്ഞുനടക്കുമ്പോൾ, ക്ഷമിച്ച് സ്നേഹിക്കുവാനും എളിമപ്പെടാനും സാധിക്കാതെ വരുമ്പോൾ, ഞാൻ എന്ന മനോഭാവം എന്നിൽ ശക്തമായി നിഴലിക്കുമ്പോൾ നാം തിരിച്ചറിയേണ്ടയായിട്ടുണ്ട്... നമ്മുടെ ജീവിതങ്ങൾ ഇരുളിലാണെന്ന്. നഷ്ടപ്പെട്ട പറുദീസയും നേർക്കാഴ്ചയും മിശിഹാ നമുക്ക് വീണ്ടെടുത്തു നൽകിയിട്ടും നാം നേർക്കാഴ്ച നഷ്ടപ്പെട്ടവരെപ്പോലെയാണോ ജീവിക്കുന്നത് എന്ന് ആത്മപരിശോധന ചെയ്തുനോക്കേണ്ടതുണ്ട്.

രണ്ടാമതായി, നേർക്കാഴ്ച വീണ്ടെടുക്കാനുള്ള വ്യവസ്ഥ ഒന്നു മാത്രം, വിശ്വാസം. ലൂക്കാ 41-ാം അദ്ധ്യായം വാക്യത്തിൽ യേശു ചോദിച്ചു: ''ഞാൻ നിനക്കുവേണ്ടി എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?'' ജറീക്കോയിലെ യാചകൻ ഒന്നേ ചോദിച്ചുള്ളൂ; കാഴ്ച. യേശു പ്രതിവചിച്ചു: ''നിനക്ക് കാഴ്ചയുണ്ടാകട്ടെ.'' ഉണ്ടാകട്ടെ എന്ന ഒറ്റവാക്കാൽ സകലതും സൃഷ്ടിച്ചവനാണ് ദൈവം. ദൈവപുത്രൻ അതേ വചനം തന്നെ ആവർത്തിക്കുന്നു - 'നിനക്ക് കാഴ്ചയുണ്ടാകട്ടെ.' ഒരു പുനഃസൃഷ്ടി നടക്കുകയാണ്. ഇല്ലായ്മയിൽ നിന്നും ദൈവം സകലതും സൃഷ്ടിച്ചെങ്കിൽ പുനഃസൃഷ്ടിക്ക്, നേർക്കാഴ്ചയ്ക്ക് ഒരു വ്യവസ്ഥ മാത്രം; അത് വിശ്വാസമാണ്. ഇരുളടഞ്ഞ ജീവിത മേഖലകളിൽ അന്ധയാചകനെപ്പോലെ പ്രതീക്ഷയോടെ, വിശ്വാസത്തോടെ, പ്രകാശമായ മിശിഹായെ നോക്കി കാത്തിരിക്കുവാൻ നമുക്ക് കഴിയട്ടെ. ഇതാണ് ഇന്നത്തെ ലേഖനഭാഗത്തും പൗലോസ് ശ്ലീഹാ തെസലോനിക്കയിലെ സഭയോട് ആഹ്വാനം ചെയ്യുന്നത്. സഹനത്തിൽ പതറാതെ പ്രതീക്ഷയോടെ, വിശ്വാസത്തോടെ ഉറച്ചുനിൽക്കുവിൻ.

തിരുവചനഭാഗം നമ്മുടെ മുമ്പിൽ വയ്ക്കുന്ന വെല്ലുവിളിയാണ്. പുനഃസൃഷ്ടിയായി മാറുക എന്നുള്ളത്. അന്ധയാചകനിൽ സംഭവിച്ചതുപോലെ, ഒരു പുനഃസൃഷ്ടി നമ്മുടെ ജീവിതങ്ങളിലും നടക്കേണ്ടതുണ്ട്. റോമ 13:12, രാത്രി കഴിയാറായി. പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങേണ്ട കാലഘട്ടത്തിൽ, ഇരുളിന്റെ നിഴൽവീണ ജീവിതമേഖലകളിൽ നിന്ന് സഹോദരങ്ങളെ സ്നേഹിക്കുവാനും ശ്രവിക്കുവാനും സാധിക്കാത്ത മനോഭാവങ്ങളിൽ നിന്ന് പ്രകാശമായ ക്രിസ്തുവിലേയ്ക്കുള്ള വളർച്ചയ്ക്കായി മിശിഹായുടെ മനോഭാവങ്ങൾ സ്വന്തമാക്കാം.

എമ്മാവൂസ് യാത്രയിൽ തിരിച്ചറിയാതെപോയ യേശുസാന്നിധ്യം അപ്പം മുറിക്കുമ്പോൾ ശിഷ്യർക്ക് കരഗതമായി. ലൂക്കാ 24:31-ാം വാക്യം, ''അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു.'' ഇന്നും ജീവിക്കുന്ന യേശു അപ്പമായി നമ്മുടെ മുന്നിലേയ്ക്കു വരുന്ന ഈ വിശുദ്ധ കുർബാനയിൽ നമുക്കും പ്രാർത്ഥിക്കാം... കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ. ഇരുളടഞ്ഞ ഞങ്ങളുടെ ജീവിതമേഖലകളെ ദുഃഖത്തിന്റെയും വേദനയുടെയും നിരാശയുടെയും ഇടങ്ങളെ പ്രകാശമാക്കാൻ പ്രകാശമായ മിശിഹായെ കടന്നുവരേണമേ എന്ന് ഈ സ്നേഹത്തിന്റെ ബലിയിൽ പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.